# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1800 07/03/2018 -ൽ മറുപടിയ്ക്ക്

**സർജിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ശസ്ത്രക്രിയയുടെ ഭാഗമായി ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്ന സർജിക്കൽ ഉപകരണങ്ങൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ആശുപത്രികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയുടെ സൂക്ഷ്മമായ വിലയിരുത്തലിനു ശേഷം അംഗീകാരം കിട്ടുന്ന കമ്പനികളുടെ സർജിക്കൽ ഉപകരണങ്ങളാണ് ശസ്ത്രക്രിയയുടെ ഭാഗമായി ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്നത്. |
| (ബി) | സർക്കാർ ആശുപത്രികൾ ഉൾപ്പെടെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സർജിക്കൽ ഉപകരണങ്ങൾ വാങ്ങണമെന്ന നിർദ്ദേശം ലംഘിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | സർക്കാർ ആശുപത്രികളിൽ അംഗീകൃത സ്ഥാപനങ്ങളുടെ ഉപകരണങ്ങളാണ് ഉപയോഗിക്കാറുള്ളത്. |
| (സി) | വർഷങ്ങളോളം ശരീരത്തിനുള്ളിൽ സ്ഥാപിക്കേണ്ട സർജിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മ കാരണം ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കൂടി ഇടയാകുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനാൽ ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്ന സർജിക്കൽ ഉപകരണങ്ങൾ സാധാരണ നിലയിൽ ശരീരത്തിന് മാരകമായ ദോഷങ്ങൾ ഉണ്ടാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**